**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1646** **02-02-2024 - ൽ മറുപടിയ്ക്ക്**

**വൈഗ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വൈഗ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നീ മേഖലകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പ് വരുത്തുന്നതിനും പുതു സംരംഭകരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനും ലക്ഷ്യമിട്ട് കൃഷി വകുപ്പ് 2016 മുതൽ വൈഗ (VAIGA – Value Addition for Income Generation in Agriculture) സംഘടിപ്പിച്ച് വരുന്നു. 2016 ൽ തിരുവനന്തപുരത്തും അതിന് ശേഷമുള്ള വർഷങ്ങളിൽ തൃശ്ശൂരിലും 2023 ഫെബ്രുവരിയിൽ തിരുവനന്തപുരത്തും വൈഗ സംഘടിപ്പിച്ചിരുന്നു.<br><br>2016 ൽ വൈഗ തുടങ്ങുമ്പോൾ പ്രദർശനവും സെമിനാറുകളും മാത്രമായിരുന്നിടത്തുനിന്നും തുടർ വർഷങ്ങളിൽ ബിസിനസ്സ് മീറ്റ്, ഹാക്കത്തോൺ, ഡി.പി.ആർ ക്ലിനിക്കുകൾ തുടങ്ങിയ പരിപാടികൾ കൂടി സംഘടിപ്പിച്ചിരുന്നു. മൂല്യവർദ്ധനവിലൂന്നിയുള്ള കാർഷിക നേട്ടങ്ങൾ പ്രതിപാദിക്കുന്ന കാർഷിക പ്രദർശന സ്റ്റാളുകൾ **വൈഗ** കാർഷിക പ്രദർശനത്തിൽ ഉൾപ്പെടുത്തിയിരുന്നതിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ടു കൊണ്ട് നിരവധി കർഷകർ, ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ, കൃഷിക്കൂട്ടങ്ങൾ, കർഷക ഗ്രൂപ്പുകൾ എന്നിവ ഭക്ഷ്യ സംസ്കരണത്തിലും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലും കൂടുതൽ താൽപ്പര്യം കാണിക്കുന്നുണ്ട്. 2023-ലെ വൈഗയുടെ ഭാഗമായി കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗിനുള്ള നടപടികളും കൈക്കൊള്ളുകയുണ്ടായി. കേരളാഗ്രോ ബ്രാൻഡിൽ കൃഷി വകുപ്പിനു കീഴിലുള്ള വിവിധ ഫാമുകളിലെ ഉൽപ്പന്നങ്ങൾ ആമസോൺ വഴിയും, ഫ്ലിപ്പ്കാർട്ട് വഴിയും നിലവിൽ വിപണനം നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | ബ്രാന്റിംങിന്റെ ഭാഗമായി ഉൽപ്പന്നങ്ങളുടെ പാക്കിംഗിൽ പ്രൊഫഷണലിസം കൊണ്ടു വരുവാനായി സംരംഭകരെ പ്രാപ്തരാക്കുന്ന നടപടികളും പുരോഗമിച്ചു വരുന്നു.<br><br>കർഷകർക്കും പൊതുജനങ്ങൾക്കും പുതു സംരംഭകർക്കും കാർഷിക മേഖലയിലെ അത്യാധുനിക സാങ്കേതിക മുന്നേറ്റങ്ങൾ അടുത്തറിയുന്നതിനും കാർഷിക വിദഗ്ധർക്ക് പുതിയ സാങ്കേതിക വിദ്യകൾ പങ്കിടുന്നതിനും ഉള്ള വേദിയൊരുക്കുക എന്ന ലക്ഷ്യം വൈഗയിലൂടെ നിറവേറ്റപ്പെടുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ബിസിനസ്സ് മീറ്റ് നടത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (ബി) | കേരളത്തിലെ കർഷകരുടെ ഉൽപ്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി വിപണിയിൽ നേരിട്ട് എത്തിക്കുന്നതിനും അതിന്റെ പ്രയോജനം കർഷകർക്ക് പൂർണ്ണമായി ലഭിക്കുന്നതിനും വൈഗ വെബ് സൈറ്റ് വഴി രജിസ്ട്രേഷൻ പൂർത്തിയാക്കിയ ഉൽപ്പാദകരെയും സംരംഭകരേയും വ്യവസായികളെയും വ്യാപാരികളെയും ഉൾപ്പെടുത്തി 2023 വൈഗയുടെ ഭാഗമായി ബിസിനസ്സ് മീറ്റ് (ബി2ബി) സംഘടിപ്പിച്ചിരുന്നു. ഇതിന്റെ വിജയത്തെ തുടർന്ന് എല്ലാ ജില്ലകളിലും ബിസിനസ്സ് മീറ്റ് നടത്തുന്നതിന്റെ മുന്നോടിയായി ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് വെച്ച് നടന്ന കൃഷി ദർശന്റെ ഭാഗമായും ചേർത്തല വെച്ച് നടന്ന കരപ്പുറം കാഴ്ചയുടെ ഭാഗമായും ബിസിനസ്സ് മീറ്റ് സംഘടിപ്പിച്ചിരുന്നു. ഹരിപ്പാട് കൃഷി ദർശന്റെ ഭാഗമായി സംഘടിപ്പിച്ച ബി 2 ബി മീറ്റിൽ 323.26250 ലക്ഷം രൂപയുടെ ബിസിനസ്സ് സംരംഭകർക്ക് ഉണ്ടാക്കി നൽകുവാൻ സാധിച്ചു. കരപ്പുറം കാഴ്ചയുടെ ഭാഗമായി സംഘടിപ്പിച്ച ബി2 ബി മീറ്റിൽ 114.30380 ലക്ഷം രൂപയുടെ ബിസിനസ്സ് സംരംഭകർക്ക് ഉണ്ടാക്കി നൽകുവാൻ സാധിച്ചു. നടപ്പു സാമ്പത്തിക വർഷം കോഴിക്കോട്, എറണാകുളം ജില്ലകളിൽ ബിസിനസ്സ് മീറ്റ് സംഘടിപ്പിക്കുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു. മറ്റു ജില്ലകളിലും ബിസിനസ്സ് മീറ്റ് നടത്തുന്നത് പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ